| 04-04-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ- ഇപ്പോൾ നിങ്ങൾ പുരുഷോത്തമരായി മാറാനുള്ള പുരുഷാർത്ഥം ചെയ്യുന്നു. പുരുഷോത്തമർ ദേവതകളാണ്, കാരണം അവർ പാവനരാണ്, നിങ്ങൾ പാവനമായിക്കൊണ്ടിരിക്കുകയാണ്.**

**ചോദ്യം-** പരിധിയില്ലാത്ത അച്ഛൻ നിങ്ങൾ കുട്ടികൾക്ക് എന്തുകൊണ്ടാണ് അഭയം നൽകിയത്?
**ഉത്തരം-** കാരണം നമ്മൾ എല്ലാവരും അഴുക്കു കുട്ടയിൽ പെട്ടിരിക്കുകയായിരുന്നു. ബാബ നമ്മെ അഴുക്കു കുട്ടയിൽ നിന്നും പുറത്തെടുത്ത് പൂക്കളാക്കി മാറ്റുന്നു. ആസുരീയ ഗുണങ്ങൾ ഉള്ളവരെ ദൈവീകഗുണവാന്മാരാക്കി മാറ്റുന്നു. ഡ്രാമ അനുസരിച്ച് ബാബ വന്ന് നമ്മെ അഴുക്കിൽ നിന്നും പുറത്തെടുത്ത് ദത്തെടുത്ത് തന്റേതാക്കിയിരിക്കുന്നു.

**ഗീതം-** ഇന്ന് അതിരാവിലെ വന്നിരിക്കുന്നതാരോ . . . .

**ഓം ശാന്തി**. രാത്രിയെ പകലാക്കി മാറ്റുന്നതിനു വേണ്ടി ബാബയ്ക്ക് വരേണ്ടി വരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ വന്നിരിക്കുകയാണ്. ആദ്യം നമ്മൾ ശൂദ്രവർണ്ണത്തിലേതായിരുന്നു, ശൂദ്രബുദ്ധിയുള്ളവരായിരുന്നു. വർണ്ണങ്ങളുള്ള ചിത്രങ്ങളും മനസ്സിലാക്കിക്കൊടുക്കാൻ വളരെ നല്ലതാണ്. നമ്മൾ ഈ വർണ്ണങ്ങളിൽ എങ്ങനെയാണ് കറങ്ങുന്നത് എന്ന് കുട്ടികൾക്കറിയാം. ഇപ്പോൾ പരമപിതാ പരമാത്മാവ് നമ്മെ ശൂദ്രനിൽ നിന്നും ബ്രാഹ്മണനാക്കുകയാണ്. കൽപ-കൽപം, കൽപത്തിലെ സംഗമയുഗത്തിലാണ് നമ്മൾ ബ്രാഹ്മണരാകുന്നത്. ബ്രാഹ്മണരെ പുരുഷോത്തമർ എന്ന് പറയില്ല. ദേവതകളെയാണ് പുരുഷോത്തമർ എന്നുപറയുന്നത്, ബ്രാഹ്മണർ പുരുഷോത്തമരാകുന്നതിനായി ഇവിടെ പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുകയാണ്. പതിതത്തിൽ നിന്നും പാവനമാക്കുന്നതിനുവേണ്ടിയാണ് ബാബയെ വിളിക്കുന്നത്. സ്വയത്തോട് ചോദിക്കണം നമ്മൾ എത്രത്തോളം പാവനമായിക്കൊണ്ടിരിക്കുന്നുണ്ട്? വിദ്യാർത്ഥികളും പഠിപ്പിനു വേണ്ടി വിചാരസാഗരമഥനം ചെയ്യുന്നു. ഈ പഠിപ്പിലൂടെ നമ്മൾ ഉന്നതായി മാറുന്നു എന്ന് ചിന്തിക്കുന്നു. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് നമ്മൾ ഇപ്പോൾ ബ്രാഹ്മണനായിരിക്കുകയാണ് ദേവതയാകുന്നതിനു വേണ്ടി. ഇത് അമൂല്യജീവിതമാണ് കാരണം നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ്. ഈശ്വരനാണ് നിങ്ങളെ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്, പതിതത്തിൽ നിന്നും പാവനമാക്കുന്നത്. ദേവതകളാണ് പാവന ആത്മാക്കൾ. വർണ്ണങ്ങളെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കുന്നതും വളരെ നല്ലതാണ്. സന്യാസിമാരൊന്നും ഈ കാര്യങ്ങൾ വിശ്വസിക്കില്ല. ബാക്കി 84 ജന്മങ്ങളുടെ കണക്കിനെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു. ഇതും അവർക്ക് അറിയാൻ കഴിയും അവർ സന്യാസ ധർമ്മത്തിലുള്ളവർ 84 ജന്മങ്ങൾ എടുക്കുകയില്ല. ഇസ്ലാം ധർമ്മത്തിലുള്ളവരും ബുദ്ധമതത്തിലുള്ളവരും 84 ജന്മം എടുക്കില്ലെന്നു മനസ്സിലാക്കുന്നു. അവർ പുനർജന്മങ്ങളെടുക്കുന്നുണ്ട്, പക്ഷെ കുറവാണ്. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിലൂടെ അവർ പെട്ടെന്ന് ഉൾക്കൊള്ളും. മനസ്സിലാക്കിക്കൊടുക്കാനുള്ള യുക്തിയും വേണം. നിങ്ങൾ കുട്ടികൾ സന്മുഖത്തിരിക്കുമ്പോൾ ബാബ ബുദ്ധിയെ റിഫ്രെഷാക്കുന്നു. എങ്ങനെയണോ മറ്റുള്ള കുട്ടികളും ഇവിടേക്ക് റിഫ്രെഷാകുന്നതിനു വേണ്ടി വരുന്നത്, നിങ്ങളെ ബാബ ദിവസേന ധാരണ ചെയ്യിച്ച് റീഫ്രെഷാക്കി മാറ്റുന്നു. നമ്മൾ എങ്ങനെ 84 ജന്മങ്ങൾ എടുക്കുന്നു എന്നതിനെക്കുറിച്ച് ബുദ്ധിയിൽ ഉണ്ടായിരിക്കണം. എങ്ങനെ ശൂദ്രനിൽ നിന്നും ബ്രാഹ്മണനാകുന്നു? ബ്രാഹ്മണരാണ് ബ്രഹ്മാവിന്റെ സന്താനങ്ങൾ. ബ്രഹ്മാവ് എവിടെ നിന്നും വന്നു? ബാബ മനസ്സിലാക്കിത്തരുന്നു, ഞാനാണ് ഇദ്ദേഹത്തിന് ബ്രഹ്മാവ് എന്നു വെച്ചത്. ഇത് ബ്രഹ്മാകുമാർ- കുമാരിമാരുടെ ഒരു കുടുംബമാണ്. അപ്പോൾ തീർച്ചയായും ദത്തെടുക്കപ്പെട്ടിരിക്കുകയാണ്. ബാബ തന്നെയാണ് ദത്തെടുക്കുന്നത്. ശിവബാബയാണ് അച്ഛൻ, ശിവബാബയെ ദാദ(ജ്യേഷ്ഠൻ)എന്നു പറയില്ല. അച്ഛനെ അച്ഛൻ എന്നേ പറയൂ. അച്ഛനിൽ നിന്നാണ് സമ്പത്ത് ലഭിക്കുക. അമ്മാവൻ, അമ്മായി, കുടുംബക്കാർ എന്നിവരും ചിലപ്പോൾ ദത്തെടുക്കാറുണ്ട്. ബാബ കേൾപ്പിച്ചുതന്നിരുന്നു, ഒരു പെൺകുട്ടി അഴുക്കുകുട്ടയിൽ ഉപേക്ഷിക്കപ്പെട്ടിരുന്നു, അതിനെ ആരോ എടുത്ത് മറ്റൊരാൾക്ക് ദത്ത് കൊടുത്തു. കാരണം അവർക്ക് അവരുടേതായ കുട്ടി ഉണ്ടായിരുന്നില്ല. അപ്പോൾ ദത്തെടുത്തവരെയാണ് ആ കുട്ടി അച്ഛൻ, അമ്മ എന്നു വിളിക്കുക. ഇവിടെ പരിധിയില്ലാത്ത കാര്യമാണ്. നിങ്ങൾ കുട്ടികളും പരിധിയില്ലാത്ത അഴുക്കുകുട്ടയിൽ പെട്ടിരുന്നു. വിഷയവൈതരണീ നദിയിൽ പെട്ടിരുന്നു. അഴുക്കു കൊണ്ട് എത്ര മോശമായിരുന്നു. ഡ്രാമ അനുസരിച്ച് ബാബ വന്ന് നിങ്ങളെ ദത്തെടുത്തു ഈ അഴുക്കിൽ നിന്നും പുറത്തെടുത്തു. തമോപ്രധാനരായതുകൊണ്ടാണ് അഴുക്കെന്ന് പറയുന്നത്. ആസുരീയ അവഗുണമുള്ള മനുഷ്യർ ദേഹാഭിമാനികളാണ്. കാമവും ക്രോധവുമാണ് ഏറ്റവും വലിയ വികാരങ്ങൾ. നിങ്ങൾ ആദ്യം രാവണന്റെ

ഏറ്റവും വലിയ അഴുക്കുകുട്ടയിൽ പെട്ടിരുന്നു. വാസ്തവത്തിൽ നിങ്ങൾ അഭയാർത്ഥികളാണ്. ഇപ്പോൾ നിങ്ങൾ പരിധിയില്ലാത്ത ബാബയുടെ അഭയം നേടിയിരിക്കുകയാണ്, അഴുക്കിൽ നിന്നും മുക്തമായി ദേവതകൾക്കു സമാനം പുഷ്പങ്ങളാവുകയാണ്. ഈ സമയം മുഴുവൻ ലോകവും അഴുക്കിന്റെ വലിയ കുട്ടയിൽ പെട്ടിരിക്കുകയാണ്. ബാബ വന്ന് നിങ്ങൾ കുട്ടികളെ അഴുക്കിൽ നിന്നും മുക്തമാക്കി തന്റേതാക്കി മാറ്റുന്നു. പക്ഷെ അഴുക്കിൽ പെട്ട കുട്ടികളെ, ബാബ അതിൽ നിന്നും രക്ഷപ്പെടുത്തുമ്പോൾ വീണ്ടും അഴുക്കിലേക്കു തന്നെ പോകാൻ താൽപര്യപ്പെടുന്നു. ബാബ വന്ന് പരിധിയില്ലാത്ത അഴുക്കിൽ നിന്നും മുക്തമാക്കുകയാണ്. ബാബാ, വന്ന് ഞങ്ങളെ മുള്ളിൽ നിന്നും പുഷ്പമാക്കി മാറ്റൂ എന്നു വിളിക്കുന്നുണ്ട്. മുൾക്കാടിൽ നിന്നും മുക്തമാക്കി പൂക്കളാക്കി മാറ്റൂ, ഈശ്വരീയ പൂന്തോട്ടത്തിൽ ഇരുത്തൂ. ഇപ്പോൾ ആസുരീയ കാട്ടിൽ അകപ്പെട്ടിരിക്കുകയാണ്. ബാബ നിങ്ങൾ കുട്ടികളെ പൂന്തോട്ടത്തിലേക്ക് കൊണ്ടുപോകുന്നു. ശൂദ്രനിൽ നിന്നും ബ്രാഹ്മണർ പിന്നീട് ദേവതയാകുന്നു. ഇത് ദേവതകളുടെ രാജധാനിയാണ്. ബ്രാഹ്മണർക്ക് രാജപദവിയില്ല. പാണ്ഡവർ എന്ന പേരുണ്ടെങ്കിലും അവരുടെ രാജധാനിയൊന്നും ഇല്ല. രാജധാനി പ്രാപ്തമാക്കുന്നതിനു വേണ്ടിയാണ് ഇപ്പോൾ ബാബയോടൊപ്പം ഇരിക്കുന്നത്. പരിധിയില്ലാത്ത രാത്രി ഇപ്പോൾ പൂർത്തിയായി പരിധിയില്ലാത്ത പകൽ ആരംഭിക്കുകയാണ്. ഗീതം കേട്ടില്ലേ– ആരാണ് അതിരാവിലെ വന്നിരിക്കുന്നത് . . . അതിരാവിലെ വരുന്നത് രാത്രിയെ അകറ്റി പകലാക്കാനാണ്, നരകത്തെ നശിപ്പിച്ച് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യാനാണ്. ബുദ്ധിയിൽ ഇതെങ്കിലും ഉണ്ടെങ്കിൽ അപാര സന്തോഷം ഉണ്ടായിരിക്കും. പുതിയ ലോകത്തിൽ ഉയർന്ന പദവി നേടുന്ന കുട്ടികൾ ഒരിക്കലും തന്റെ ആസുരീയ സ്വഭാവം കാണിക്കില്ല. ഏതൊരു യജ്ഞത്തിലൂടെയാണോ ഇത്രയ്ക്കും ഉയർന്നതായി മാറുന്നത്, ആ യജ്ഞത്തിന്റെ സേവനം വളരെ സ്നേഹത്തോടെ ചെയ്യുന്നു. ഇങ്ങനെ ഒരു യജ്ഞത്തിൽ തന്റെ എല്ലുകൾ പോലും സമർപ്പിക്കണം. അവനവനിലേക്ക് നോക്കൂ– ഇങ്ങനെയുള്ള പെരുമാറ്റത്തിലൂടെ തനിക്ക് ഉയർന്ന പദവി നേടാൻ കഴിയുമോ. വിവരം കെട്ട കൊച്ചു കുട്ടികളൊന്നുമല്ലല്ലോ. എങ്ങനെ രാജാവിന്റെ പദവി, പ്രജയുടെ പദവി ലഭിക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും. ബാബ അനുഭവീ രഥത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ആ രഥത്തിന് വലിയ– വലിയ രാജാക്കന്മാരെപ്പോലും നല്ല രീതിയിൽ പരിചയമുണ്ട്. അങ്ങനെയുള്ള രാജാക്കന്മാരുടെ ദാസ–ദാസിമാർക്കുപോലും സ്വർഗ്ഗത്തിൽ വളരെയധികം സുഖമാണ്. അവരും രാജാക്കന്മാരുടെ കൂടെയാണ് വസിക്കുക. പക്ഷെ അവരെ പറയുന്നത് ദാസദാസിമാർ എന്നാണ്. അവർക്ക് അവിടെ സുഖം ലഭിക്കുമല്ലോ. രാജാ–റാണിമാർ എന്തെല്ലാമാണോ കഴിക്കുന്നത് അതുതന്നെ അവർക്കും ലഭിക്കുന്നു. പുറമെ ജീവിക്കുന്നവർക്ക് ഇതൊന്നും കഴിക്കാൻ സാധിക്കില്ല. ദാസിമാരിലും നമ്പർ പ്രകാരമായിരിക്കും. ചിലർ അലങ്കരിക്കുന്നവരാണ്, ചിലർ കുട്ടികളെ സംരക്ഷിക്കുന്നവരാണ്, ചിലർ അടിച്ചുവാരുന്നവരായിരിക്കും. ഇവിടെയുള്ള രാജാക്കന്മാർക്കേ ഇത്രയും ദാസ ദാസിമാർ ഉണ്ടെങ്കിൽ, സ്വർഗ്ഗത്തിലുള്ളവർക്ക് എത്ര ഉണ്ടായിരിക്കും. ഓരോരുത്തർക്കും വേറെ വേറെ ഉത്തരവാദിത്വമായിരിക്കും. വസിക്കുന്ന സ്ഥാനവും വേറെ ആയിയിക്കും. അവർ രാജാ–റാണിമാരെപ്പോലെ അലങ്കരിക്കപ്പെട്ടവരായിരിക്കില്ല. സേവകർ വസിക്കുന്ന സ്ഥലം തന്നെ വേറെയായിരിക്കും. അവർ കൊട്ടാരത്തിനുള്ളിലേക്ക് തീർച്ചയായും വരുന്നു പക്ഷെ വസിക്കുന്നത് സേവകരുടെ വാസസ്ഥലത്തായിരിക്കും. അപ്പോൾ ബാബ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നു ഉയർന്ന പദവി നേടുന്നതിനായി സ്വയം തന്റെ മേൽ പ്രയത്നിക്കൂ. നമ്മൾ ഇപ്പോൾ ശൂദ്രനിൽ നിന്നും ബ്രാഹ്മണനായിരിക്കുകയാണ്. അഹോ സൗഭാഗ്യം. പിന്നീട് ദേവതയാകുന്നു. ഈ സംഗമയുഗം മംഗളകാരീ യുഗമാണ്. നിങ്ങളുടെ ഓരോ കാര്യത്തിലും മംഗളം അടങ്ങിയിട്ടുണ്ട്. ഭണ്ഢാരയിലും(അടുക്കള) യോഗത്തിലിരുന്ന് ഭോജനം ഉണ്ടാക്കുകയാണെങ്കിൽ വളരെയധികം പേരുടെ നന്മ അടങ്ങിയിട്ടുണ്ട്. ശ്രീനാഥ് ക്ഷേത്രത്തിൽ ഭോജനം ഉണ്ടാക്കുന്നത് തീർത്തും ശാന്തിയിലാണ്. ശ്രീനാഥന്റെ (ശ്രീകൃഷ്ണൻ) ഭക്തിയിൽ തന്നെ ഭക്തർ മുഴുകിയിരിക്കുന്നു. നിങ്ങൾ ജ്ഞാനത്തിന്റെ ലഹരിയിലിരിക്കണം. കൃഷ്ണ ഭക്തി അത്രയും തീവ്രമാണ്, അക്കാര്യമേ പറയേണ്ട. വൃന്ദാവനത്തിൽ രണ്ടു പെൺകുട്ടികളുണ്ട്, അവർ പൂർണ്ണ ഭക്തകളാണ്, ഞങ്ങൾ ഇവിടെത്തന്നെ ഇരിക്കുമെന്നാണ് പറയുന്നത്. കൃഷ്ണന്റെ ഓർമ്മയിൽ ഇവിടെത്തന്നെ ശരീരം ഉപേക്ഷിക്കും. അവരെ ഭക്തശിരോമണികൾ എന്നാണ് പറയുക. കൃഷ്ണനുമേൽ സമർപ്പണമാകുന്നു. ഇപ്പോൾ നിങ്ങൾക്ക് ബാബയുടെ മേൽ സമർപ്പണമാകണം. യജ്ഞത്തിന്റെ ആരംഭത്തിൽ എല്ലാവർക്കും ശിവബാബയിൽ അത്രയും സമർപ്പണബുദ്ധിയായിരുന്നു. ധാരാളം പേർ വന്നിരുന്നു. ഭാരതത്തിലേക്ക് വന്നതിനു ശേഷം വളരെയധികം പേർക്ക് തന്റെ വീടിനെക്കുറിച്ച് ഓർമ്മ വന്നു. എത്ര പേരാണ് തിരിച്ചു പോയത്. ധാരാളം പേർക്ക് ഗ്രഹപ്പിഴ വന്നു. ഓരോരുത്തർക്ക് ഓരോ ഗ്രഹപ്പിഴയുണ്ടാകുന്നു. ബാബ മനസ്സിലാക്കിത്തരുന്നു ആരു വന്നാലും എവിടേക്കാണ് വന്നിരിക്കുന്നത് എന്നു ചോദിക്കണം. പുറമെയുള്ള ബോർഡ് കണ്ടില്ലേ ബ്രഹ്മാകുമാർ– കുമാരിമാർ. ഇത് പരിവാരമാണ്. അച്ഛൻ നിരാകാരനായ പരമപിതാ പരമാത്മാവാണ്. പിന്നീട് പ്രജാപിതാ ബ്രഹ്മാവും പ്രശസ്ഥമാണ്. ഇതെല്ലാം ബ്രഹ്മാവിന്റെ മക്കളാണ്, ശിവബാബ മുത്തച്ഛനാണ്. ശിവബാബയിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. ബാബയുടെ നിർദ്ദേശമാണ്

നിങ്ങൾ എന്നെ മാത്രം ഓർമ്മിക്കൂ എന്നാൽ പതിതത്തിൽ നിന്നും പാവനമാകുന്നു. കൽപ്പം മുമ്പും ഇതുപോലുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. എത്ര ഉയർന്ന പഠിപ്പാണ്. നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ ബാബയിൽ നിന്നും സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്.

നിങ്ങൾ കുട്ടികൾ മനുഷ്യനിൽ നിന്നും ദേവനായി മാറാനുള്ള പഠിപ്പ് പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് തീർച്ചയായും ദൈവീക ഗുണം ധാരണ ചെയ്യണം. നിങ്ങളുടെ വാക്ക്, പെരുമാറ്റം, കഴിക്കുക-കുടിക്കുക എല്ലാം എത്ര റോയലായിരിക്കണം. ദേവതകൾ വളരെ കുറച്ചേ കഴിക്കൂ. അവരിൽ യാതൊരു ആസക്തിയും ഉണ്ടാവുകയില്ല. 36 പ്രകാരത്തിലുള്ള ഭോജനം ഉണ്ടാക്കുന്നു, പക്ഷെ കഴിക്കുന്നത് വളരെ കുറച്ചാണ്. കഴിക്കുന്നതിലും കുടിക്കുന്നതിലും ആസക്തി വയ്ക്കുക- ഇതിനെയും ആസുരീയ പെരുമാറ്റം എന്നു പറയുന്നു. ദൈവീക ഗുണങ്ങളെ ധാരണ ചെയ്യണമെങ്കിൽ കഴിക്കുന്നതും കുടിക്കുന്നതും വളരെ ശുദ്ധവും സാധാരണവും ആയിരിക്കണം. പക്ഷെ മായ നിങ്ങളെ കല്ലു ബുദ്ധിയാക്കി മാറ്റുന്നു. അപ്പോൾ പദവിയും അതുപോലെ തന്നെ ലഭിക്കുന്നു. ബാബ പറയുന്നു തന്റെ മംഗളത്തിനു വേണ്ടി ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ. നല്ല രീതിയിൽ പഠിക്കൂ, പഠിപ്പിക്കൂ എന്നാൽ നിങ്ങൾക്കു തന്നെ അഭിവൃദ്ധിയും ലഭിക്കുന്നു. നിങ്ങൾ തന്റെ പുരുഷാർത്ഥത്തിലൂടെയാണ് പദവി നേടുന്നത്, അല്ലാതെ ഇത് ബാബ നൽകുന്നതല്ല. സ്വയം അവനവനിലേക്ക് നോക്കണം ഞാൻ എത്രത്തോളം സേവനം ചെയ്യുന്നുണ്ട്? ഞാൻ എന്തായിത്തീരും? ഈ സമയം ഞാൻ ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ എന്ത് പദവി ലഭിക്കും? ആരെങ്കിലും ബാബയോട് ചോദിക്കുകയാണെങ്കിൽ ബാബയ്ക്ക് പെട്ടന്ന് പറയാൻ സാധിക്കും ഇവർ ഈ പെരുമറ്റത്തിലൂടെ എന്ത് പദവി നേടും. പുരുഷാർത്ഥം ചെയ്തില്ല എങ്കിൽ കൽപ്പ-കൽപ്പാന്തരം അവനവന് നഷ്ടം ഉണ്ടാക്കുന്നു. നല്ല രീതിയിൽ സേവനം ചെയ്യുന്നവർ തീർച്ചയായും നല്ല പദവി നേടും. ഉള്ളിൽ അറിയാൻ സാധിക്കും ഇവർ ദാസ-ദാസിയായി മാറുന്നു. പക്ഷേ പുറമെ അറിയാൻ കഴിയില്ല. സ്കൂളിൽ വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ സാധിക്കുമല്ലോ ഞങ്ങൾ സീനിയറാണോ ജൂനിയറാണോ എന്ന്. ഇവിടെയും അതുപോലെയാണ്. ആരാണോ സീനിയർ അവർ രാജാ-റാണിയാകുന്നു, ജൂനിയർ ആയവർ കുറഞ്ഞ പദവിയും നേടുന്നു. ധനവാന്മാരിലും സീനിയറും ജൂനിയറും ഉണ്ടാകും. സീനിയർ ആയവരുടെ പദവി ഉയർന്നതായിരിക്കും. അടിച്ചു വാരുന്ന ദാസിമാർക്ക് ഒരിക്കലും കൊട്ടാരത്തിനുള്ളിൽ പ്രവേശിക്കാനുള്ള അനുവാദമില്ല. ഈ കാര്യങ്ങൾ എല്ലാം നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. അവസാനം ഇനിയും മനസ്സിലാക്കി തരും. ഉയർന്ന പദവി നേടുന്ന കുട്ടികൾക്ക് ബഹുമാനം കൊടുക്കണം. കുമാരക (പ്രകാശ്മണി ദാദി) സീനിയറാണ് അപ്പോൾ അവർക്ക് ബഹുമാനം കൊടുക്കണം.

ബാബ കുട്ടികളോട് ശ്രദ്ധിക്കാൻ പറയുകയാണ്- മഹാരഥികളായ കുട്ടികളെ ബഹുമാനിക്കൂ. ബഹുമാനിക്കുന്നില്ല എങ്കിൽ അവനവന്റെ മേൽ പാപം വർദ്ധിപ്പിക്കുകയാണ്. ഈ കാര്യങ്ങളിൽ എല്ലാം ബാബ ശ്രദ്ധ നൽകാൻ പറയുകയാണ്. വളരെയധികം സൂക്ഷിക്കണം. നമ്പർ പ്രകാരം ആർക്ക് എങ്ങനെ ബഹുമാനം കൊടുക്കണം എന്നതിനെക്കുറിച്ച് ബാബയ്ക്ക് അറിയാം. ബാബ ഓരോരുത്തരെയും അറിയുന്നുണ്ട്. ആരേയെങ്കിലും പറഞ്ഞാൽ അവർ പിന്നെ കുലദ്രോഹി ആയി മാറുന്നു. പിന്നീട് മാതാക്കൾക്കും കുമാരിമാർക്കും ബന്ധനം സൃഷ്ടിക്കുന്നു. ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വരുന്നു. ധാരാളം മാതാക്കൾ എഴുതാറുണ്ട് - ബാബാ ഞങ്ങളെ ഇവർ ബുദ്ധിമുട്ടിക്കുന്നു ഞങ്ങൾ എന്തു ചെയ്യും? അവർ നിങ്ങളുടെ മേൽ ഉപദ്രവം കാണിക്കാൻ നിങ്ങൾ മൃഗങ്ങളൊന്നും അല്ലല്ലോ. ഉള്ളിൽ അവരോട് ഹൃദയത്തിന്റെ പ്രീതി ഉള്ളതുകൊണ്ടാണ് ഇങ്ങനെ ചോദിക്കുന്നത്. ഇതിൽ ചോദിക്കേണ്ട കാര്യമൊന്നും ഇല്ല. ആത്മാവ് തന്നെയാണ് തന്റെ ശത്രുവും മിത്രവും. എന്തു വേണമെങ്കിലും അവർ ചെയ്തോട്ടെ. ചോദിക്കുന്നു അർത്ഥം അവരോട് ഹൃദയത്തിന്റെ പ്രീതി ഉള്ളതു കൊണ്ടാണ്. ഓർമ്മയാണ് മുഖ്യമായത്. ഓർമ്മയിലൂടെയാണ് നിങ്ങൾ പാവനമാകുന്നത്. ഈ ലക്ഷ്മീനാരായണന്മാർ നമ്പർ വൺ പാവനമല്ലേ. മമ്മ എത്ര സേവനമാണ് ചെയ്തിരുന്നത്. ഞങ്ങൾ മമ്മയെക്കാളും സമർത്ഥരാണ് എന്നാർക്കും പറയാൻ സാധിക്കില്ല. മമ്മ ജ്ഞാനത്തിലും വളരെ തീവ്രമായിരുന്നു. വളരെയധികം പേരിലും യോഗത്തിന്റെ കുറവുണ്ട്. ഓർമ്മയിലിരിക്കാൻ സാധിക്കുന്നില്ല. ഓർമ്മയിലിരിക്കുന്നില്ല എങ്കിൽ എങ്ങനെ വികർമ്മം നശിക്കും. നിയമം ഇതാണ് അവസാന സമയത്ത് ഓർമ്മയിൽ ശരീരം ഉപേക്ഷിക്കണം. ശിവബാബയുടെ ഓർമ്മയിൽ തന്നെ പ്രാണൻ ശരീരത്തിൽ നിന്നും പോകണം. ഒരേയൊരു ബാബയെക്കൂടാതെ മറ്റാരെയും തന്നെ ഓർമ്മ വരരുത്. എവിടെയും ആസക്തി ഉണ്ടാവരുത്. നമ്മൾ അശരീരിയായി വന്നു വീണ്ടും അശരീരിയായി തിരികെ പോകണം എന്ന അഭ്യാസം ചെയ്യണം. ബാബ ഇടയ്ക്കിടെ കുട്ടികൾക്ക് മനസിലാക്കിത്തരുന്നു. വളരെയധികം മധുരമായി മാറണം. ദൈവീക ഗുണങ്ങളും ആവശ്യമാണ്. ദേഹാഭിമാനത്തിന്റെ ഭൂതം ഉണ്ടാകരുത്. അവനവന്റെ മേൽ വളരെ ശ്രദ്ധ വയ്ക്കണം. വളരെ സ്നേഹത്തോടെ പെരുമാറണം. ബാബയെയും ചക്രത്തെയും ഓർമ്മിക്കൂ. ചക്രത്തിന്റെ രഹസ്യം മറ്റാർക്കെങ്കിലും കേൾപ്പിച്ചുകൊടുക്കുകയാണെങ്കിൽ അവർ അത്ഭുതപ്പെടും. 84 ജന്മങ്ങളെക്കുറിച്ച് തന്നെ

ആർക്കും ഓർമ്മിക്കാൻ സാധിക്കുന്നില്ല എങ്കിൽ 84 ലക്ഷത്തിന്റെ എങ്ങനെ ഓർമ്മിക്കാൻ സാധിക്കും? ഇതിന്റെ ചിന്ത പോലും വരില്ല, ഈ ചക്രത്തെ തന്നെ ബുദ്ധിയിൽ ഓർമ്മിക്കുകയാണെങ്കിൽ അഹോ സൗഭാഗ്യം. ഇപ്പോൾ ഈ നാടകം പൂർത്തിയാകുന്നു. പഴയ ലോകത്തോട് വൈരാഗ്യം ഉണ്ടാകണം, ബുദ്ധിയോഗം ശാന്തിധാമത്തിലും സുഖധാമത്തിലും ആയിരിക്കണം. ഗീതയിലുണ്ട് മന്മനാഭവ. മറ്റൊരു ഗീതാപാഠികൾക്കും മന്മനാഭവയുടെ അർത്ഥം അറിയില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം - ഭഗവാനുവാച , ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഇതാരാണ് പറഞ്ഞത്? കൃഷ്ണൻ ഭഗവാനല്ലല്ലോ. ചിലർ പറയുന്നു ഞങ്ങൾ ശാസ്ത്രങ്ങളെ മാത്രമേ അംഗീകരിക്കൂ. ഭഗവാൻ തന്നെ നേരിട്ടു വന്നു പറഞ്ഞാലും ഞങ്ങൾ ശാസ്ത്രത്തിലുള്ളതല്ലാതെ അംഗീകരിക്കില്ല. അവർ ശാസ്ത്രം പഠിച്ചുകൊണ്ടിരിക്കും. ഭഗവാൻ വന്നിരിക്കുന്നു. രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു, സ്ഥാപന നടന്നു കൊണ്ടിരിക്കുന്നു, ബാക്കി ശാസ്ത്രങ്ങൾ എല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്. ഭഗവാന്റെ നിശ്ചയം ഉണ്ടെങ്കിൽ സമ്പത്ത് എടുക്കുന്നതിൽ മുഴുകുന്നു, പിന്നീട് ഭക്തി പോലും ഇല്ലാതാകും. പക്ഷെ നിശ്ചയം ഉണ്ടെങ്കിലേ ഉള്ളൂ. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1) ദേവതയാകുന്നതിനു വേണ്ടി വളരെ കുലീനമായ സംസ്കാരം ധാരണ ചെയ്യണം. കഴിക്കുന്നതും കുടിക്കുന്നതും വളരെ ശുദ്ധവും സാധാരണവുമായിരിക്കണം. ആസക്തി പാടില്ല. തന്റെ മംഗളത്തിനു വേണ്ടി ദൈവീകഗുണം ധാരണ ചെയ്യണം.

2) സ്വയത്തിനു മേൽ ശ്രദ്ധ വയ്ക്കൂ, എല്ലാവരോടൊപ്പവും വളരെ സ്നേഹത്തോടെ പെരുമാറണം. തന്നെക്കാളും സീനിയർ ആയവരെ ബഹുമാനിക്കണം. വളരെയധികം മധുരമായിരിക്കണം, ദേഹാഭിമാനത്തിലേക്ക് വരരുത്.

## വരദാനം:- കഴിഞ്ഞുപോയ കാര്യങ്ങളെ ദയാമനസ്കരായി ഉള്ളിലൊതുക്കുന്ന ശുഭചിന്തകരായി ഭവിക്കട്ടെ.

അഥവാ ആരുടെയെങ്കിലും പഴയ ബലഹീനതയുടെ കാര്യങ്ങൾ കേൾപ്പിക്കുകയാണെങ്കിൽ ശുഭഭാവനയോടെ മാറി നിൽക്കൂ. വ്യർത്ഥചിന്തനങ്ങളുടെയോ ബലഹീനതകളുടെയോ കാര്യങ്ങൾ പരസ്പരം നടത്തരുത്. കഴിഞ്ഞുപോയ കാര്യങ്ങളെ ദയാമനസ്കരായി ഉള്ളിലൊതുക്കൂ. ഉള്ളിലൊതുക്കി ശുഭഭാവനയോടെ ആ ആത്മാവിന് വേണ്ടി മനസാ സേവനം നടത്തിക്കൊണ്ടിരിക്കൂ. സംസ്കാരങ്ങൾക്ക് വശപ്പെട്ട് തല കീഴായത് പറയുകയോ ചെയ്യുകയോ കേൾക്കുകയോ ചെയ്താൽ അവരെ പരിവർത്തനപ്പെടുത്തൂ. ഒന്നിൽ നിന്ന് രണ്ടും രണ്ടിൽ നിന്ന് മൂന്ന് എന്ന വിധത്തിൽ വ്യർത്ഥ കാര്യങ്ങളുടെ മാലയുണ്ടാക്കരുത്. അപ്രകാരമുള്ള ശ്രദ്ധ കൊടുക്കുക അർത്ഥം ശുഭചിന്തകരാകുക.

## സ്ലോഗൻ:- സന്തുഷ്ടമണിയാകൂ എങ്കിൽ പ്രഭുപ്രിയരും ലോകപ്രിയരും സ്വയംപ്രിയരുമായി മാറാം.

**അവ്യക്ത സൂചനകൾ:- കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**
ശരീരവും ആത്മാവും കമ്പൈന്റാകുമ്പോഴാണ് ജീവിതമുണ്ടാകുന്നത്. ആത്മാവ് ശരീരത്തിൽ നിന്ന് വേറിടുമ്പോൾ ജീവിതം നിലയ്ക്കുന്നു. അങ്ങനെയുള്ള കർമ്മയോഗി ജീവിതം അർത്ഥം കർമ്മം യോഗമില്ലാത്തതല്ല, യോഗം കർമ്മമില്ലാത്തതുമല്ല. സദാ കമ്പൈന്റാകാമെങ്കിൽ സഫലത ലഭിച്ചുകൊണ്ടിരിക്കും.